©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ഞായർ<br>Thiruvananthapuram,<br>Sunday | 2015 ജനുവരി 25<br>25th January 2015<br>1190 മകരം 11<br>11th Makaram 1190<br>1936 മാഘം 5<br>5th Magha 1936 | നമ്പർ<br>No. 180 |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

നമ്പർ ഇഎം3/13 (2)/2014/തസ്വഭവ. *തിരുവനന്തപുരം, 2015 ജനുവരി 25, 1190 മകരം 11.*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡവും (ബി) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് താഴെ പട്ടികയിൽ (2)-ാം കോളത്തിൽ പറയുന്ന ജില്ലയിലെ, (4)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തിന്റെ (3)-ാം കോളത്തിൽ പറയുന്ന ഭൂപ്രദേശത്തെ (5)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/338/2015/S-21.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസം തികയുന്ന തീയതിക്കോ, അതിനുശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ, അതിന് മുമ്പോ ഏതെങ്കിലും വ്യക്തികളിൽ നിന്നോ, ഗ്രാമപഞ്ചായത്തിൽ നിന്നോ ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കായി എടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അത്തരം ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉണ്ടെങ്കിൽ അവ പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് (അനക്സ്), തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ മേൽപ്പറഞ്ഞ തീയതിയ്ക്കകം അയച്ചു തരേണ്ടതാണ്.

പട്ടിക

| *ക്രമ നമ്പർ* | *ജില്ല* | *കൂട്ടിച്ചേർക്കേണ്ട ഭാഗം* | *നിലവിലുള്ള ഗ്രാമ പഞ്ചായത്ത്* | *കൂട്ടിച്ചേർക്കപ്പെടേണ്ട ഗ്രാമ പഞ്ചായത്ത്* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കൊല്ലം | കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡായ റോസ്മല ഭൂപ്രദേശം | കുളത്തൂപ്പുഴ | ആര്യങ്കാവ് |
| 2 | കൊല്ലം | നെടുമ്പന ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ പഴങ്ങാലം എന്ന പ്രദേശത്തെ 25 വീടുകളും 16 കടകളും ഉൾപ്പെടുന്ന ഭൂപ്രദേശങ്ങൾ | നെടുമ്പന | ഇളമ്പള്ളൂർ |
| 3 | കൊല്ലം | പേരയം ഗ്രാമപഞ്ചായത്തിലെ 1, 3, 5 എന്നീ വാർഡുകളിലെ ഓണമ്പലം മുതൽ മണക്കടവ് വരെയുള്ള പ്രദേശങ്ങൾ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിലേക്ക് | പേരയം | കിഴക്കേ കല്ലട |
| 4 | ആലപ്പുഴ | ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറ് കായംകുളം കായലിന്റെ പടിഞ്ഞാറേക്കരയിലുള്ള 78 വീടുകൾ ഉൾപ്പെടുന്ന ഭൂപ്രദേശം | ദേവികുളങ്ങര | കണ്ടല്ലൂർ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | കോട്ടയം | കൂരോപ്പട ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിലെ 13 വീടുകൾ ഉൾപ്പെടുന്ന ഭൂപ്രദേശം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലേക്ക് | കൂരോപ്പട | പള്ളിക്കത്തോട് |
| 6 | ഇടുക്കി | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ കൂടി കടന്നു പോകുന്ന മേത്തൊട്ടി-മൂലക്കാവ് റോഡിന്റെ മുകൾഭാഗത്ത് ചെപ്പുകുളം പ്രദേശത്തെ പത്ത് വീടുകൾ ഉൾപ്പെടുന്ന ഭൂപ്രദേശം | വെള്ളിയാമറ്റം | ഉടുമ്പന്നൂർ |
| 7 | എറണാകുളം | എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ 14/305 മുതൽ 14/371 വരെയുള്ള വീടുകളും ഒന്നാം വാർഡിലെ 1/54 മുതൽ 1/58 വരെയുള്ള 5 വീടുകളും ഉൾപ്പെടുന്ന ഭൂപ്രദേശം | എടയ്ക്കാട്ടുവയൽ | ആമ്പല്ലൂർ |
| 8 | തൃശ്ശൂർ | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ പയ്യൂർമാട് ഭൂപ്രദേശം വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലേക്ക് | വെങ്കിടങ്ങ് | വാടാനപ്പള്ളി |
| 9 | പാലക്കാട് | പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡായ കൂടല്ലൂരിന്റെ തോട്ടങ്കുളമ്പ്, കൊശക്കുഴി, മുനിയാലമ്പറമ്പ് എന്നീ ഭൂപ്രദേശങ്ങൾ | പല്ലശ്ശന | എലവഞ്ചേരി |
| 10 | പാലക്കാട് | പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ 28 വീടുകൾ ഉൾപ്പെടുന്ന ഭൂപ്രദേശം | പല്ലശ്ശന | എരുമയൂർ |
| 11 | പാലക്കാട് | മാത്തൂർ ഗ്രാമപഞ്ചായത്തിലെ ജയകൃഷ്ണന്റെ വീട് കുഴൽമന്ദം ഗ്രാമപഞ്ചായത്തിലേക്ക് | മാത്തൂർ | കുഴൽമന്ദം |
| 12 | തൃശ്ശൂർ | മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 19-ാം വാർഡിൽ ഉൾപ്പെടുന്ന കുഴിക്കാണി പ്രദേശത്തെ 61 വീടുകൾ ഉൾപ്പെടുന്ന കുഴിക്കാണി തോടിന് പടിഞ്ഞാറു വശത്തുള്ള ഭൂപ്രദേശങ്ങൾ | മറ്റത്തൂർ | കൊടകര |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 13 | മലപ്പുറം | പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിലെ വിലങ്ങുംപൊയിൽ ഭൂപ്രദേശം തുവ്വൂർ ഗ്രാമപഞ്ചായത്തിലേക്ക് | പാണ്ടിക്കാട് | തുവ്വൂർ |
| 14 | മലപ്പുറം | ചെറുകാവ് ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡായ പെരിങ്ങാവിലെ 8 കുടുംബങ്ങൾ ഉൾപ്പെടുന്ന ഭൂപ്രദേശം വാഴയൂർ ഗ്രാമപഞ്ചായത്തിലേക്ക് | ചെറുകാവ് | വാഴയൂർ |
| 15 | മലപ്പുറം | തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിലെ 9, 10, 11, 12 വാർഡുകൾ പൂർണ്ണമായും 8, 13 വാർഡുകൾ ഭാഗികമായും തെന്നല ഗ്രാമ പഞ്ചായത്തിലേക്ക് | തിരൂരങ്ങാടി | തെന്നല |
| 16 | മലപ്പുറം | കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ 413 മുതൽ 455 വരെയും 460എ, 460ബി, 460സി, 427എ, രണ്ടാം വാർഡിലെ 216, 216എ, 216ബി, 216സി, 216ഡി, 223, 224, 225, 226എ, 226ബി, 227 മുതൽ 235 വരെയും 238, 240, 240എ, 240ബി, 240സി, 240ഡി, 241, 656 എന്നീ നമ്പർ വീടുകളും ഉൾപ്പെടുന്ന ഭൂപ്രദേശം. | കീഴാറ്റൂർ | പാണ്ടിക്കാട് |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*